ഉത്തരം

(എ ആന്റ് ബി) ലഭിച്ച അപേക്ഷകളുടേയോ അനുവദിച്ച തുകയുടേയോ നിരസിച്ച അപേക്ഷകളുടേയോ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 ജില്ലകളിൽനിന്നും ലഭിച്ച അപേക്ഷകർക്കായി 16,03,79,894 രൂപ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) അനുവദിച്ച എല്ലാവർക്കും തുക ലഭിക്കാനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ചികിത്സാ സഹായം സത്വരമായി നൽകാൻ പദ്ധതി

68 [2556] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി നൽകപ്പെടുന്ന അപേക്ഷകൾ യഥാസമയം റവന്യൂ സെക്രട്ടറിക്ക് റഫർ ചെയ്തിട്ടും ഇതിൻമേൽ ഉത്തരവ് ഇടുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യുന്നില്ലായെന്ന സത്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാവിധേയരാകുന്ന അപേക്ഷകരിൽ പലരും മരണപ്പെട്ട് കഴിഞ്ഞാലും നടപടികൾ പൂർത്തിയാകാതെയും, സഹായം ലഭിക്കാതെയും വരുന്ന അവസ്ഥ ഇല്ലാതാക്കാൻ ലളിതമായ ഒരു വ്യവസ്ഥക്ക് രൂപം കൊടുക്കുമോ;

(സി) സാങ്കേതിക നടപടികൾമൂലം വൈകുന്ന സഹായ വാഗ്ദാനം യഥാർത്ഥ്യമാക്കുവാനും ദുരിതപ്പെടുന്നവർക്ക് സത്വര ഉത്തരവുകൊണ്ട് സമാശ്വാസം പകരുവാനും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; എങ്കിൽ അതിന്റെ രൂപരേഖ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരമൊരു പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ സെക്രട്ടറിക്ക് കിട്ടുന്ന അപേക്ഷകളിൽമേൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ട് വാങ്ങിയതിനുശേഷമാണ് ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് 26-12-2003-ലെ ജി.ഒ.(എം.എസ്.) 408/03/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) † ഈ ഉത്തരവ് അനുസരിച്ച് സഹായധനം അനുവദിക്കുന്നതിലുള്ള കാലതാമസവും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

രോഗികളുടെ ആശ്രിതർക്ക് ചികിത്സാ ദുരിതാശ്വാസം

69 [2557] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ദുരിതാശ്വാസയിനത്തിൽ എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ധനസഹായം ലഭിക്കാതെ രോഗി മരണപ്പെട്ടാൽ പ്രസ്തുത തുക മരിച്ച രോഗിയുടെ ആശ്രിതർക്ക് നൽകുമോ; വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	1,78,49,352
കൊല്ലം	..	67,51,970
പത്തനംതിട്ട	..	61,00,000
ആലപ്പുഴ	..	92,92,000
കോട്ടയം	..	66,00,000
ഇടുക്കി	..	2,19,53,136
എറണാകുളം	..	1,12,43,000
തൃശ്ശൂർ	..	1,05,50,000
പാലക്കാട്	..	72,60,664
മലപ്പുറം	..	77,00,000
കോഴിക്കോട്	..	3,67,70,000
വയനാട്	..	32,24,772
കണ്ണൂർ	..	93,50,000
കാസർഗോഡ്	..	57,35,000
ആകെ	..	16,03,79,894

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly